# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) നടപടിക്രമങ്ങൾ

വിഷയം : ആ.വ.ഡ – 01/01/2014 മുതൽ 31/12/2018 വരെയുള്ള കാലയളവിലെ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ്മാരുടെ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ടുള്ള ഉത്തരവ് –

സൂചന : 1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 13/01/2016 തീയതിയിലെ ഇഎസ്3–59191/14 നമ്പർ ഉത്തരവ്

2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 21/01/2019 തീയതിയിലെ ഇഎസ്3 –2982/2019 നമ്പർ സർക്കുലർ

## ഉത്തരവ് നമ്പർ ഇഎസ്3–2892/19 ആ.വ.ഡ തീയതി 06/04/2019

സൂചന ഉത്തരവ് 1 പ്രകാരം 01/01/2009 മുതൽ 31/12/2013 വരെയുള്ള കാലയളവിലെ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ്മാരുടെ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് സൂചന 2 പ്രകാരം 01/01/2014 മുതൽ 31/12/2018 വരെയുള്ള കാലയളവിൽ, രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് ആയി ജോലിയിൽ പ്രവേശിച്ച് തുടർന്ന് വരുന്ന ജീവനക്കാരുടെ സേവന വിവരങ്ങൾ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ശേഖരിച്ച് തയ്യാറാക്കിയ താൽകാലിക സീനിയോറിറ്റി പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പട്ടിക സംബന്ധിച്ച് ആക്ഷേപമോ, അപ്പീലുകളോ ഉണ്ടെങ്കിൽ ആയത് ഉചിത മാർഗ്ഗേന 24/04/2019 ന് വൈകിട്ട് 5 മണിക്ക് മുൻപ് തപാൽ മുഖേനെയോ പ്രത്യേക ദൂതൻ വശമോ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അപ്പീൽ പെർഫോമയിൽ തന്നെ അപ്പീലുകൾ സമർപ്പിക്കേണ്ടതാണ്.. പ്രഫോർമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

താൽകാലിക സീനിയോറിറ്റി പട്ടിക എല്ലാ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ്മാർക്കും ലഭ്യമാക്കിയിട്ടുണ്ടെന്ന് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ.സമീറ.എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ &റ്റി)

സ്വീകർത്താവ് :- എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യവകുപ്പ് വെബ്സൈറ്റ് മുഖേനെ)

//അംഗീകാരത്തോടെ//

സൂപ്രണ്ട്